ഉത്തരം

സംസ്ഥാനത്ത് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പല ജില്ലകളിലും സിവിൽസർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീലന ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയ സമ്പന്നരുമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവുമാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

കാസർഗോഡ് ജില്ലയിൽ എം.എ.സി.ടി. കോടതികൾ

33 (3664) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന അപകട കേസ്സുകൾ കൈകാര്യം ചെയ്യുന്ന എം.എ.സി.ടി. കോടതികൾ ഏതൊക്കെ ജില്ലകളിലാണ് ഇല്ലാത്തതെന്ന് വെളിപ്പെടുത്താമോ ;

(ബി) എം.എ.സി.ടി. കോടതിക്കായി കാസർഗോഡ് ജില്ലയിൽ ആവശ്യമായ കെട്ടിടവും ചേംബറും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടും ഇതുവരെ കോടതി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജില്ലയിൽ എം.എ.സി.ടി. കോടതിയുടെ പ്രവർത്തനം എന്നു തുടങ്ങും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും എം.എ.സി.ടി. കോടതികൾ പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, ഇടുക്കി ജില്ലകളിൽ പ്രത്യേക എം.എ.സി.ടി. കോടതികളില്ല. എന്നാൽ ഇവിടെ പ്രിൻസിപ്പൽ ജില്ലാകോടതിയും I^st അഡീഷണൽ ജില്ലാ കോടതിയും എം.എ.സി.ടി. കോടതിയായി പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കാസർഗോഡ് ജില്ലയിൽ എം.എ.സി.ടി. കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും ഇതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് തുടങ്ങാൻ നിർവ്വാഹമില്ലെന്ന് ഹൈക്കോടതിയെ അറിയിക്കുകയുമുണ്ടായി. തുടർന്ന് ഹൈക്കോടതി വീണ്ടും സർക്കാരിലേക്ക് കോടതി തുടങ്ങുന്നത് സംബന്ധിച്ച് ശിപാർശ നൽകിയത് പരിശോധിച്ചുവരുന്നു.

ഷെട്ടി കമ്മീഷൻ ശിപാർശ

34 (3665) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ്സ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് എന്തെല്ലാം ആനുകൂല്യമാണ് നൽകേണ്ടിയിരുന്നത്; പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ്സ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് യഥാക്രമം 7,800-12,975, 2,750-4,625, 5,000-8,150, 4,000-6,090 എന്നീ ശമ്പള സ്കെയിൽ വർദ്ധനയാണ് 1-4-2003-മുതൽ പ്രാബല്യത്തിൽ നൽകേണ്ടിയിരുന്നത്. ആയത് 1-4-2003 മുതൽ പ്രാബല്യത്തിൽ നൽകി ഉത്തരവായിട്ടുള്ളത്. ഇതു കൂടാതെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ അലവൻസ്, പ്രോസസ്സ് സർവർമാർക്ക് യാത്രാബത്ത, മെഡിക്കൽ അലവൻസ് എന്നിവയും ഷെട്ടി കമ്മീഷൻ നിർദ്ദേശ പ്രകാരം നൽകുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ പുതിയ കോടതികൾ

35 (3666) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര കോടതികൾ തുടങ്ങുവാനാണ് ഉത്തരവിറക്കിയത് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത കോടതികളിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യമായി വരുന്നത് ; കോടതി തിരിച്ച് തസ്തികയും എണ്ണവും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly